# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1354

01.07.2015-ൽ മറുപടിയ്ക്ക്

## തിരുവനന്തപുരം - ചെങ്കോട്ട റോഡ് ഗതാഗത തടസ്സം

| ചോദ്യം<br>ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) തിരുവനന്തപുരം - ചെങ്കോട്ട, പാലോട് ഫോറസ്റ്റ് റെയിഞ്ചാഫീസിനു മുന്നിലെ റോഡ് വാമനപുരം നദിയിലേക്ക് ഇടിഞ്ഞുവീണ് വർഷങ്ങളായി ഗതാഗത തടസ്സം ഉണ്ടായിക്കൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ റോഡിന്റെ പാർശ്വഭിത്തി നിർമ്മിച്ച് ഗതാഗത യോഗ്യമാക്കുന്നതിന് നടപടി സ്വീകരിയ്ക്കാതിരിയ്ക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;<br>(സി) പ്രസ്തുത റോഡിന്റെ ഇടിഞ്ഞ ഭാഗത്ത് പാർശ്വഭിത്തി നിർമ്മിച്ച് റോഡ് പുനരുദ്ധരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിയ്ക്കുമോ ; വിശദവിവരം ലഭ്യമാക്കാമോ ? | (ബി) & (സി) 15.06.2015-ലെ സ.ഉ. (സാധാ) നം. 832/15/പൊ.മ.വ പ്രകാരം പ്രസ്തുത റോഡിന്റെ പാർശ്വ ഭിത്തി നിർമ്മിക്കുന്നതിനായി 480 ലക്ഷം രൂപയുള്ള ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത റോഡിന്റെ പാർശ്വഭിത്തി നിർമ്മാണത്തിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ